ശ്രീ. കെ. കുഞ്ഞമ്പു: ആകെയുള്ള 182 വെൽഫെയർ സ്കൂളുകളിൽ കെ. ഇ. ആർ.—ലെ ചട്ടങ്ങളനുസരിച്ച് ഇരുപത്തു സ്കൂളുകളം മാത്രമേ നടത്തുന്നുള്ളു. ആവശ്യമായ ഉപകരണങ്ങളും കെട്ടിടങ്ങളും ഇല്ല. ഈ അടുത്തകാലത്തായി കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി ഒരു ലക്ഷത്തോളംരൂപ നീക്കിവെച്ചിട്ടുണ്ട്. അതിന്റെ പണിപൂർത്തിയാക്കുന്നതിനു് ഇക്കൊല്ലം 3,500 രൂപകൂടി നീക്കിവെച്ചിട്ടുണ്ട്. ഈ കൊല്ലം പത്തു കെട്ടിടങ്ങളം പൂർത്തിയാക്കണമെന്നു് ഉദ്ദേശിക്കുന്നു.

ശ്രീ. എം. കൃഷ്ണൻ: കഴിഞ്ഞ വർഷത്തിൽ അട്ടപ്പാടി ട്രൈബൽ ബ്ലോക്കിൽ ഒരു റസിഡൻഷ്യൽ ബേസിക്കു് സ്കൂൾ തുടങ്ങണമെന്നു കാണിച്ചു് ഒരു മെമ്മോറാണ്ടം ഗവണ്മെന്റിലേയ്ക്കു് സമർപ്പിച്ചിരുന്നുവോ?

ശ്രീ. കെ. കുഞ്ഞമ്പു: ട്രൈബൽ ബ്ലോക്കുകളിൽ റസിഡൻഷ്യൽ ബേസിക്കു് സ്കൂളുകൾ ആരംഭിക്കണമെന്നു് തീരുമാനിച്ചിട്ടുണ്ടു്. വരുന്നകൊല്ലം തന്നെ അവ ആരംഭിക്കുന്നതാണു്. കെട്ടിടം പൂർത്തിയായിട്ടുണ്ടു്.

ശ്രീ. ഒ. കോരൻ: കോഴിക്കോടു് ഫറൂക്കു് വെൽഫെയർ സ്കൂളിൽ ഇരുന്നൂറു കുട്ടികൾക്കു കൂടി രണ്ടു് അദ്ധ്യാപകന്മാരാണു് ഉള്ളതു്. ഇതിന്റെ ഫലമായി ആവശ്യത്തിനു് അദ്ധ്യാപകന്മാർ ഇല്ലാത്തതുകൊണ്ടു് കുട്ടികളുടെ വിദ്യാഭ്യാസരീതി ശരിയാകുന്നില്ലെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: ഈകാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. കൂടുതൽ അദ്ധ്യാപകന്മാരെ നിയമിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണു്.

ശ്രീ. കെ. കൃഷ്ണൻ: വെൽഫെയർ സ്കൂളുകളുടെ അടുത്തു് ഗവണ്മെന്റു പ്രൈമറി സ്കൂളുകളോ എയിഡഡ് സ്കൂളുകളോ ഇല്ലെങ്കിൽ ഇതിനെ ഫുൾ പ്രൈമറി സ്കൂളാക്കി എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ വിട്ടുകൊടുക്കാനുള്ള നടപടികളെടുക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ഇതിനുമുമ്പു ഇതുപോലുള്ള പതിനാലു സ്കൂളുകളം എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിനോടു് ഏറ്റെടുക്കണമെന്നു് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കെ. ഇ. ആർ.—ലെ വ്യവസ്ഥയനുസരിച്ചു് ഈ സ്കൂളുകളെല്ലാം ഏറ്റെടുക്കാൻ വിഷമമാണെന്നാണു് പറഞ്ഞിട്ടുള്ളതു്.

ശ്രീ. പി. ചാക്കോ: വിദ്യാഭ്യാസസൗകര്യം കൂടുതലായി വർദ്ധിച്ചിരിക്കുന്ന ഈ കാലത്തു് ഇതുപോലെയുള്ള ട്രൈബൽ സ്കൂളുകളം നിറുത്തൽ ചെയ്യാനുള്ള നടപടികളെടുക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ഇപ്പോഴം നിറുത്തൽ ചെയ്യാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ഇവിടെ പറഞ്ഞ കണക്കിൽ ട്രൈബൽ സ്കൂളുകളം എത്രയുണ്ടെന്നും, ഇപ്പോഴം ഉള്ള സ്കൂളുകളം ഒരോന്നായി കുറവു ചെയ്യാതെ കൂടുതൽ സ്കൂളുകളം ആരംഭിക്കുന്നതിനുള്ള വല്ല പദ്ധതിയും ഗവണ്മെന്റു് ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: സ്റ്റേറ്റിൽ ആകെ 83 ട്രൈബൽ സ്കൂളുകളം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണു്. കൂടുതലായിട്ടു് ഇനിയും ആരംഭിക്കണമെന്നാണു് ഗവണ്മെന്റിന്റെ ഉദ്ദേശം.

പ്ലാന്റേഷൻ കാർപ്പൊറേഷൻ

* 864. [5] ശ്രീ. എം. ഗോപാലൻകുട്ടിനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പ്ലാന്റേഷൻ കാർപ്പൊറേഷന്റെ രൂപീകരണത്തിനുശേഷം അതിന്റെ പ്രവർത്തനം എത്രമാത്രം പുരോഗമിച്ചിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കമ്പനിയിൽ ഗവണ്മെൻറ് നിക്ഷേപിച്ചിട്ടുള്ള ഒട്ടാകെ തുക എത്രയാണ്?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) "ദി പ്ലാന്റേഷൻ കാർപ്പറേഷൻ ആഫ് കേരള ലിമിറ്റഡ്" എന്ന കമ്പനി 1–2–1963 മുതലാണ് പ്രവർത്തനം തുടങ്ങിയത്. ഈ തീയതി വരെ മൊത്തം 7,440 ഏക്കർ സ്ഥലത്തു (കൊട്ടാരമണ്ണിൽ 2,940 ഏക്കറും കാലടിയിൽ 4,500 ഏക്കറും) റബ്ബർ പ്ലാന്റേഷൻ ഡിപ്പാർട്ടുമെന്റ് മുഖേന റബ്ബർ പ്ലാന്റ് ചെയ്തു ട്ടുണ്ടായിരുന്നു. ഈ തോട്ടങ്ങളുടെ ചുമതല 1–2–1953 മുതൽ ഈ കമ്പനി ഏറ്റെടുത്തു. കമ്പനി ഏറ്റെടുത്തശേഷം മൊത്തം 2,240 ഏക്കർ സ്ഥലത്തുകൂടി റബ്ബർ പ്ലാന്റ് ചെയ്തു. (കൊട്ടാരമണ്ണിൽ 1,733 ഏക്കറും കാലടിയിൽ 507 ഏക്കറും) ഇതു കൂടാതെ നേരത്തെ പ്ലാന്റ് ചെയ്ത സ്ഥലങ്ങളിൽ കേടുവന്നുപോയ തൈകൾക്കു പകരം പുതിയ തൈകളും കമ്പനിയുടെ മേൽ നോട്ടത്തിൽ നടുകയുണ്ടായിട്ടുണ്ട്.

റബ്ബർപ്ലാന്റേഷൻ ഡിപ്പാർട്ടുമെന്റ് തുടങ്ങിവച്ച പല കെട്ടിടങ്ങളുടേയും റോഡുകളുടേയും പണിയും ഈ കമ്പനി പൂർത്തിയാക്കി. ഇപ്പോൾ പുതിയ ചില കെട്ടിടങ്ങളുടേയും, റോഡുകളുടേയും പണികൂടി തുടങ്ങിയിട്ടുണ്ട്.

(ബി) ഈ കമ്പനിയിൽ ഇക്കൊല്ലം 125 ലക്ഷംരൂപ നിക്ഷേപിക്കുവാൻ (65 ലക്ഷംരൂപ സ്ഥാവരസ്വത്തുക്കളും വഴിയായും, 60 ലക്ഷംരൂപ രൊക്കമായും) ഗവണ്മെൻറ് നിശ്ചയിച്ചിട്ടുണ്ട്. രൊക്കമായി നിക്ഷേപിക്കേണ്ട 60 ലക്ഷംരൂപയിൽ 45 ലക്ഷംരൂപ ഇപ്പോൾ ഷെയർ അഡ്വാൻസായി നൽകിക്കഴിഞ്ഞിട്ടുണ്ട്. കമ്പനി 125 ലക്ഷംരൂപയ്ക്കുള്ള ഷെയറുകൾ വാങ്ങിയിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ റബ്ബർ പ്ലാന്റേഷൻ ഡയറക്ടറേറ്റ് നിറുത്തലാക്കി അതിന്റെ ജോലി കാർപ്പൊറേഷനെ ഏല്പിച്ചുകഴിഞ്ഞതിനു ശേഷം ഗവണ്മെൻറിനു് ഇതിന്റെ പേരിൽ വർദ്ധനവാണോ അതോ കുറവാണോ ഉണ്ടായിട്ടുള്ളതു്? കൂടാതെ ഡയറക്ടറേറ്റ് ചെയ്തുകൊണ്ടിരുന്ന ജോലിയേക്കാളും മോശമായ രീതിയിലാണ് കാർപ്പൊറേഷന്റെ പ്രവർത്തനം എന്നു് പത്രങ്ങളിലൊക്കെ ആക്ഷേപം വന്നിട്ടുള്ളതാണു്. ഗവണ്മെൻറ് അതേപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതു് ശരിയാണോ?

ശ്രീ. ഈ. പി. പൗലോസ് : ഇതിന്റെ പ്രവർത്തനം തുടങ്ങിയിട്ടു് ഒരു കൊല്ലംതന്നെ തികയുന്നുള്ളൂ. അതിനിടയ്ക്കു് ഇതിനെ പെട്ടെന്നു താരതമ്യപ്പെടുത്തി പറയുവാൻ നിവൃത്തിയില്ല. പക്ഷേ ഇതു് ഒരു കമ്പനി എന്നുള്ള നിലയിൽ പ്രവർത്തിച്ചു തുടങ്ങുമ്പോൾ കുറേക്കൂടി ശാസ്ത്രീയമായി ഈ കൃഷി നടത്തുന്നതിനുവേണ്ടിയുള്ള നടപടികളും കമ്പനി സ്വീകരിക്കുകയും അതു് പ്രായോഗികമാക്കി കൂടുതൽ ഫലപ്രദമാക്കി എടുക്കാൻ ശ്രമിക്കുകയും ചെയ്യുമെന്നാണു് മനസ്സിലാക്കുന്നതു്. അതിൽ വല്ല തെറ്റുമുണ്ടെങ്കിൽ ഒരു കൊല്ലത്തെ പ്രവർത്തനത്തിന്റെ ഫലം കണ്ടതിനുശേഷമേ താരതമ്യപ്പെടുത്തി പറയുവാൻ നിവൃത്തിയുള്ളൂ.

ശ്രീ. എം. സി. ഏബ്രഹാം : ഈ റബ്ബർബോർഡ് കാർപ്പൊറേഷന്റെ ഹെഡ്കാർട്ടേഴ്സ് എവിടെയാണു്; അതു മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഈ. പി. പൗലോസ് : ഹെഡ്കാർട്ടേഴ്സ് കോട്ടയത്താണു്.

ശ്രീ ജോസഫ് ചാഴിക്കാട്ട് : ഈ വ്യയനൃനീകരണപദ്ധതിപ്രകാരം റബ്ബർപ്ലാന്റേഷൻ ഡയറക്ടറുടെ തസ്തിക നിറുത്തലാക്കാൻ പോകുന്നതായി പത്രങ്ങളിൽ കണ്ടു. അതു് നിറുത്തലായോ?

ശ്രീ. ഈ. പി. പൗലോസ് : ഈ കാർപ്പൊറേഷൻ ഗവണ്മെൻറിന്റെ ഡിപ്പാർട്ടുമെൻറല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൃഷ്ണപിള്ള : ഒരു ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ നടക്കുന്നതിനേക്കാൾ ഒരു സഹകാര്യ ഉടമസ്ഥൻ നടത്തുന്നതിനേക്കാൾ കാര്യക്ഷമത ഉണ്ടാകുമെന്നുള്ള ഉദ്ദേശത്തിലായിരിക്കണം ഇതിനെ ഒരു കാർപ്പറേഷനെ ഏൽപ്പിച്ചതു്. എന്നാൽ കാർപ്പറേഷനെ ഏൽപ്പിച്ചതു് ഗവണ്മെൻറു നിയന്ത്രണത്തിലുള്ള ഗവണ്മെൻറു് ഉദ്യോഗസ്ഥനോ സഹകാര്യ ഉടമയോ നിയന്ത്രിക്കാത്ത രീതിയിൽ പ്രവർത്തനം നടക്കണമെന്നുള്ള ഉദ്ദേശത്തിലായിരിക്കണം. അപ്പോഴം അതിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : അതൊരു Sweeping Statement അല്ലാതെ വസ്തുതയാണെന്നു തോന്നുന്നില്ല. ഒരു കൊല്ലം കഴിയുമ്പോഴം ഇതിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ എന്നു മനസ്സിലാക്കാൻ കഴിയും.

പുതിയ ബസ്സുറൂട്ടുകൾ

* 865. [1821] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963-64-ൽ ഏതെല്ലാം പുതിയ റൂട്ടുകളിൽ ബസ്സു് ഓടിക്കാനും, ഇന്നുള്ള റൂട്ടുകളിൽ ബസ്സു് ട്രിപ്പുകൾ കൂട്ടാനും ഗവണ്മെൻറിനു പരിപാടിയുണ്ടു് ;

(ബി) പരിപാടികൾ എത്രത്തോളം പുരോഗമിച്ചു ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) കോഴിക്കോടു്—കാസർഗോഡു്, നെയ്യാറ്റിൻകര—തിരുവനന്തപുരം—മലയിൻകീഴു്—ഊരൂട്ടമ്പലം സർക്കുലർ, എന്നീ റൂട്ടുകളിൽ ഉടനെ സർവ്വീസു് ആരംഭിക്കുന്നതാണു്. മറ്റു പല റൂട്ടുകളെ സംബന്ധിച്ചും പ്രിലിമിനറി നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ടു്. ഇന്നുള്ള റൂട്ടുകളിൽ trip-കൾ കൂട്ടാൻ ആവശ്യമായാൽ പരിപാടിയെടുക്കുന്നതാണു്.

(ബി) സർവ്വീസു് ആരംഭിക്കാനുള്ള രണ്ടു റൂട്ടുകളുടേയും നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഗവണ്മെൻറു് മിക്കവാറും സഹകാര്യ ഉടമകളുടെ കുത്തകയായിട്ടുള്ള റൂട്ടിൽ ഒരു സർവ്വീസു് ആരംഭിച്ചിട്ടു് കുറച്ചുകാലം കഴിഞ്ഞു് ലാഭകരമല്ലെന്നു പറഞ്ഞു് നിറുത്തുന്ന സമ്പ്രദായം ഒന്നു മാറ്റാൻ ശ്രമിക്കുമോ ; ഒന്നുകിൽ കൂടുതൽ ബസ്സു് ഓടിക്കുക, അല്ലെങ്കിൽ തീരെ ബസ്സു് ഓടിക്കാതിരിക്കുക, ഇങ്ങനെ ഒരു നയം സ്വീകരിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : Fast Passenger സർവ്വീസു് ഓടുമ്പോഴം പ്രൈവറ്റു് സർവ്വീസു് ഓടുന്നതിനെ നിറുത്താൻ സാധിക്കുകയില്ല, അതിനു പുറമെ ആവശ്യമുണ്ടെന്നു കണ്ടതുകൊണ്ടാണു് ഫാസ്റ്റു പാസഞ്ചർ സർവ്വീസു് ഓടിക്കുന്നതു്. അങ്ങനെയുള്ളിടത്തു് ഒന്നിൽക്കൂടുതൽ സർവ്വീസു് ഓടിക്കുകയില്ല. അവിടെ ഒന്നരണ്ടു ബസ്സുകൾ പ്രൈവറ്റുകാരുടെ കൂടുതൽ കണ്ടേക്കാം.

ശ്രീ. എം. നാരായണക്കുറുപ്പു് : ഫാസ്റ്റു പാസഞ്ചറിന്റെ കാര്യമല്ല ഞാൻ ചോദിച്ചതു്. സാധാരണ സർവ്വീസുതന്നെ ഇങ്ങനെ ഓടുന്ന സ്ഥലമുണ്ടു്. ഉദാഹരണമായി തൃശ്ശൂർ പെരിന്തൽമണ്ണ റൂട്ടിൽ ഈ ഒരു കാരണംകൊണ്ടാണു് വളരെ നഷ്ടമായി ഓടുന്നതു്. അപ്പോഴം ആ സർവ്വീസിന്റെ കാര്യത്തിൽ ഇതൊന്നു പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly